**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 385**

**27.09.2011-ൽ മറുപടിയ്ക്ക്**

## ബി.പി.എൽ. ലിസ്റ്റ് പുന:പരിശോധിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ.എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി |
| എ. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തെ കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സർവ്വെ നടത്തി തയ്യാറാക്കിയ ബി.പി.എൽ. ലിസ്റ്റ് പുന:പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ. 2009-ൽ നടത്തിയ ബി.പി.എൽ. സർവ്വേ പ്രകാരം പ്രസിദ്ധീകരിച്ച ലിസ്റ്റിൻമേലുള്ള ആക്ഷേപങ്ങളും പരാതികളും പരിശോധിക്കുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ട്. |
| ബി. മത്സ്യത്തൊഴിലാളികളെ എ.പി.എൽ./ ബി.പി.എൽ വ്യത്യാസമില്ലാതെ സമ്പൂർണമായി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | ബി. ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനു നിശ്ചയിച്ച സൂചകങ്ങളും അതിനുള്ള വെയിറ്റേജുകളും പ്രകാരം പരമ്പരാഗത മീൻപിടുത്തക്കാർക്ക് 10 മാർക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ ഈ വിഭാഗത്തിൽപ്പെട്ട അർഹരായവർക്ക് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകമായി പരിഗണന നൽകിയിട്ടുണ്ട്. മത്സ്യതൊഴിലാളികൾ ഉൾപ്പെടെയുള്ള ഏതെങ്കിലും ജനവിഭാഗങ്ങളെ സമ്പൂർണ്ണമായി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ ഉദ്ദേശിയ്ക്കുന്നില്ല. |

Lecml

സെക്ഷൻ ഓഫീസർ.